# ഇടശ്ശേരിയും ആധുനികതയും

എം. ആർ. രാഘവ വാരിയർ



ആധുനികത പലർക്കും പലതാണ്. ചിലർക്കതു കാലസൂചനയാണ്, വേറേ ചിലർക്ക് കാലനിരപേക്ഷവും. ആധുനികതയെ ഒരു സാഹിത്യപ്രസ്ഥാനമായി വിവരിക്കുന്നവരുണ്ട്, ഒരു ചിന്താപ്രവണതയായി കാണുന്നവരുണ്ട്, ഒരു ലോകബോധമോ ജീവിതവീക്ഷണമോ ആയി ജ്ഞാനോദയത്തോടു ബന്ധപ്പെടുത്തി മനസ്സിലാക്കുന്നവരുമുണ്ട്. ഒരു വിരുദ്ധദ്വന്ദ്വത്തിലെ ഘടകമായി പാരമ്പര്യത്തിന്റെ എതിർ ധ്രുവത്തിൽ ആധുനികതയെ പ്രതിഷ്ഠിക്കുന്നവരാണ് ചിലർ. മറിച്ച് പാരമ്പര്യം തന്നെയും അലകു നിർത്തി പിടിമാറ്റിയും പിടി നിർത്തി അലകു മാറ്റിയും കാലാകാലം പുതുക്കപ്പെടുന്നതാണെന്നു തിരിച്ചറിയുന്നവരും ഉണ്ട്. ആധുനികത എന്ന സങ്കൽപത്തിന്റെ സങ്കീർണ്ണതയാണ് ഈ ആശയപ്പെരുപ്പത്തിന്റെ ആസ്പദം. സങ്കീർണ്ണമായ ഈ സങ്കൽപ്പത്തിലെ ഇഴകളോരോന്നും അതതിന്റെ വ്യവഹാര സന്ദർഭങ്ങളിൽ പ്രസക്തവുമാണ്. എല്ലായിടത്തേക്കും കൊള്ളിക്കാവുന്ന ഒരു നിർവ്വചനം ആധുനികതയ്ക്ക് കൈവന്നു കഴിഞ്ഞിട്ടില്ല; അതു സാധ്യമാണെന്നും തോന്നുന്നില്ല. അതുകൊണ്ട് അപ്പപ്പോഴത്തെ ആവശ്യത്തിന്നനുസരിച്ചു ആധാനംചെയ്യുന്ന അർത്ഥത്തെ നിർദ്ദേശിച്ചുവെയ്ക്കുകയാണ് ആശയത്തെളിമക്ക് സഹായകമാവുക.

ചരിത്രവശാൽ സമ്പദ്‌വ്യവസ്ഥയിൽ വന്ന മാറ്റങ്ങളെത്തുടർന്ന് സമൂഹക്രമത്തിലും രാഷ്ട്രീയാദർശങ്ങളിലും സാംസ്കാരികവ്യവഹാരങ്ങളിലും ഏർപ്പെട്ട പരിവർത്തനങ്ങളാണ് മുമ്പെങ്ങുമില്ലാത്തമട്ടിൽ പതിനെട്ടാം നൂറ്റാണ്ടോടെ ഒരു ആധുനികതാപ്രസ്ഥാനത്തിനു ചാലക ശക്തിയായി വർത്തിച്ചത്. പരമ്പരാഗതമായ ഫ്യൂഡൽവ്യവസ്ഥയുടെ തകർച്ചയും പുതിയ മുതലാളിത്തത്തിന്റെ വളർച്ചയുമാണ് വ്യവസ്ഥാപരിണാമത്തിന്റെ അടിയിൽ. കൃഷിയുടെ ലോപവും വ്യവസായവത്കരണത്തിന്റെ വ്യാപ്തിയും ചേർന്നു ജീവിതത്തെയാകെ മാറ്റിമറിച്ചു. ഫ്യൂഡലിസത്തിന്റെ തകർച്ചയിൽ, കൃഷിയുടെ പിന്നോട്ടടിയോടൊപ്പം തന്നെ വ്യവസായകേന്ദ്രങ്ങളിൽ പുതിയ ഉപജീവനം തേടിയെത്തിയവരുടെ ലഭ്യത ഉറപ്പായി. വ്യവസായങ്ങളാണ് ഉൽപ്പാദന വർദ്ധനവിനെ ഉന്നംവെച്ച യന്ത്രവൽക്കരണത്തിലേക്കു ചാലുകീറിയത്. ശാസ്ത്രത്തിന്റെ വികസനത്തിനും യുക്തിയുടെ പ്രാമാണ്യത്തിനുമൊക്കെ നിദാനമായി ജീവികാസമ്പ്രദായത്തിൽ വന്ന മാറ്റങ്ങളുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. വ്യവസായവത്കരണവും വ്യവസായകേന്ദ്രങ്ങളിലെ ജീവിതരീതിയും പുതിയ കുടുംബസങ്കൽപ്പങ്ങളും സാമൂഹ്യക്രമവും ആവശ്യപ്പെട്ടു. ആശയവിനിമയരംഗങ്ങളിലും ഉല്ലാസപരിപാടികളിലുമെന്നുവേണ്ട ലോകബോധത്തിലും ജീവിതവീക്ഷണത്തിലും സർവ്വസ്പർശിയായ സ്വാധീനം ചെലുത്താൻ ഈ പരിവർത്തനങ്ങൾക്കു കഴിഞ്ഞു. മുതലാളിത്തത്തിന്റെ പരിണാമപ്രക്രിയ വിവരിക്കാനല്ല, ആധുനികതാപ്രസ്ഥാനം ആശയമാത്രപ്രമാണമല്ല എന്നു കാണിക്കാൻവേണ്ടി മാത്രമാണീ സൂചനകൾ ഇവിടെ ചേർക്കുന്നത്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആധുനികതക്ക്, ഭാരതീയനവോത്ഥാന ചൈതന്യത്തിന്, പാശ്ചാത്യ സ്വാധീനത്തിന്റെ ഊർജ്ജം ധാരാളത്തിലധികം ഉണ്ടായിരുന്നു. അക്കാരണത്താൽ ഭാരതത്തിന്റെ പൊതുസംസ്കാരത്തിലും പ്രാദേശിക സംസ്കൃതികളിലും ആധുനികതക്ക് പാശ്ചാത്യവത്കരണത്തിന്റെ ചൂരും, ചുവയും ചേരുന്നത് സ്വാഭാവികം മാത്രം. ഇന്ത്യൻ ഭാഷകളിലേയും സാഹിത്യങ്ങളിലേയും ആധുനികതയെക്കുറിച്ചു പറയുമ്പോൾ പാശ്ചാത്യവത്കരണത്തിന്റെ ഈ ധാരകൂടി സവിശേഷം പരിഗണിക്കേണ്ടതുണ്ട് എന്നർത്ഥം. വാസ്തവത്തിൽ, പാശ്ചാത്യ സ്വാധീനത്തോടുചേർന്നും അല്ലാതേയും ഭാരതത്തിലെ പ്രാദേശിക സമൂഹങ്ങളിലെല്ലാറ്റിലും സ്വതഃപ്രാമാണ്യത്തോടെ ഒരുതരം നവീകരണ യത്നങ്ങളുണ്ട്. ഭാരതത്തിന്റെ ആധുനീകരണചിന്തയിൽ ആയത്നങ്ങളെക്കുറിച്ചാരും പറയാറുമില്ല, ഓർക്കാറുമില്ല. വിസ്തരിച്ച ഒരു സംവാദത്തിന്റെ വിഷയമാകയാൽ അക്കാര്യം ഇവിടേയും സ്പർശിക്കാതെ വിടുകയാണ്.

ആധുനികത, ജ്ഞാനോദയം മുതലായ പ്രയോഗങ്ങൾക്ക് അവയുടെ ധ്വനനശക്തികൊണ്ടുതന്നെ ഒരുതരം പ്രാമാണ്യവും സാംസ്കാരികമൂല്യവും കൈവ

രുന്നുണ്ട്. അതുകൊണ്ടുതന്നെ അവയെ വിമർശിക്കുന്നതും ചോദ്യം ചെയ്യുന്നതും പാഴ്‌വേലയോ മര്യാദകേടോ ആയി കാണുന്നവരും ഉണ്ട്. എന്നാൽ, ഒരു തലമുറയിൽപ്പെട്ടവരോ ഒരു സംസ്കാരധാരയിൽ ചേർന്നവരോ ആയ ഒന്നിലധികം പേർ അത്തരം വിലക്ഷണാശയങ്ങളും വിമർശനരീതികളും സ്വീകരിക്കുകയും ആവർത്തിച്ചു ഗൗരവപ്പെടുത്തുകയും ചെയ്യുമ്പോൾ അത് ഒരു പരിവർത്തനഘട്ടത്തേയോ സംക്രമസന്ധിയേയോ കുറിക്കാം. മലയാളത്തിൽ അത്തരമൊരു ഘട്ടത്തെ തിരിച്ചറിയുകയും അതിന്റെ സ്വഭാവങ്ങൾക്ക് രൂപം കൽപ്പിക്കുകയുമാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം. ആ പരിധിയോളം വ്യാപ്തം നേടുന്നതിന് ഒന്നിലധികം ധാരകളെ പിന്തുടരേണ്ടിവരും. ഇവിടെ, ആസന്നലക്ഷ്യം, ആ ധാരകളിലൊന്നിനെ, ഇടശ്ശേരിക്കവിതയെ മാത്രം ആലോചനയ്ക്കെടുത്ത് ആ കാവ്യസമുച്ചയം ആധുനികതാസംബന്ധിയായ ആശയങ്ങളോടു പ്രതികരിക്കുന്നതെങ്ങിനെ എന്നു തേടുകയാണ്.

ഭാരതീയനവോത്ഥാനത്തിനും ഭാരതത്തിന്റെ ആധുനീകരണത്തിന്നും പാശ്ചാത്യസംസ്കാരസമ്പർക്കവുമായുള്ള ബന്ധം മുമ്പു സൂചിപ്പിച്ചു. മോഡേണിറ്റി , മോഡേണിസം എന്നീ രണ്ടു വാക്കുകൾ മുഖേന ഇംഗ്ലീഷിൽ വിവക്ഷിക്കുന്ന ആശയത്തിനു ആധുനികത എന്നൊരൊറ്റപ്പദമേ ഭാഷയിൽ പ്രയോഗത്തിലുള്ളൂ. ഭാഷ അത്രയേ ഉൾക്കൊണ്ടിട്ടുള്ളൂ. എന്നുവെച്ചാൽ ആ ഭാഷ സംസാരിക്കുന്നവർക്ക് അത്രയേ പ്രസക്തമായി തോന്നിയിട്ടുള്ളു എന്നുതന്നെയാണർത്ഥം. മലയാളത്തിൽ ആധുനികത എന്ന പദംകൊണ്ടു മുക്കിയെടുക്കാവുന്ന അർത്ഥങ്ങൾ മാത്രമേ ഈ പ്രബന്ധത്തിന്റെ വ്യാപാരപരിധിയിൽ വരുന്നുള്ളു. അന്യഭാഷയുടെ അർത്ഥവ്യാപ്തി കണ്ടുണ്ടായ ഒരു കുളിയാശ്ശുദ്ധശങ്ക ഇവിടെ ഒട്ടും ഇല്ലെന്നർത്ഥം.

തേടുന്ന വിഷയവും തേടലിന്റെ സ്വാഭാവവും ഇങ്ങനെ മുൻകൂട്ടികണ്ടുവെച്ചാൽ തേടൽ എവിടെനിന്നും തുടങ്ങാം, പുറം പകിട്ടുകളെ ഒഴിവാക്കി അടിസ്ഥാനാശയങ്ങളിൽ ഊന്നിക്കൊണ്ടാവണമെന്നു മാത്രം. ആധുനികതയുടെ വ്യവഹാരപദ്ധതികൾക്ക് പതിനെട്ടാം നൂറ്റാണ്ടിലെ ജ്ഞാനോദയതത്ത്വചിന്തയുമായുള്ള ബന്ധം പരക്കെ അറിവുള്ളതത്രേ. ജ്ഞാനോദയകാലത്തെ സാംസ്കാരികാധുനികതയുടെ ആദർശമേഖലയിൽ സംഭവിച്ച അതല സ്പർശിയായ ഒരു മാറ്റം ശാസ്ത്രം, ധാർമ്മികത, കല എന്നിവ തനിത്തനിയായി തിരിഞ്ഞതും അവയ്ക്കോരോന്നിനും അതാതിന്റെ ആന്തരയുക്തികൾ ഉണ്ടെന്ന ചിന്ത ഉറച്ചതുമാണ്. മതത്തിന്റെയും തത്ത്വചിന്തയുടേയും ഏകീകൃതമായ ലോകവീക്ഷണം അപ്പോഴേക്ക് തകിടം മറിഞ്ഞുപോയിരുന്നു. വെവ്വേറെ തട്ടകം തിരിഞ്ഞ ഈ മേഖലകളിൽ വൈദഗ്ദ്ധ്യത്തിന്റെയും സ്ഥാപനവത്കരണത്തിന്റെയും മേൽക്കോയ്മ ഏർപ്പെട്ടു. അതോടെ ശാസ്ത്രവും ധാർമ്മികതയും കലയുമെല്ലാം ജനസാമാന്യത്തിൽനിന്നകന്ന് വ്യവഹാരവിദഗ്ദ്ധരുടെ കുത്തകയിലമരുകയുണ്ടായി. കല കലയ്ക്കുവേണ്ടി തുടങ്ങിയ വാദഗതികളുടെ ഉൽപ്പത്തി ഇപ്പറഞ്ഞ ജ്ഞാനോദയകാലത്തെ കലാദർശനത്തിൽ നിന്നാണ്. ഈ പ്രശ്നത്തിൽ, ഇടശ്ശേരിക്ക് വ്യക്തവും കണിശവുമായ ഒരു നിലപാടുണ്ട്. കൂട്ടുകൃഷി എന്ന നാടകത്തിന്റെ കർത്താവും കൂടിയായ കവിക്ക് കലയുടെ പ്രയോജനവാദത്തിലോ പ്രചാരണമൂല്യത്തിലോ യാതൊരു ഐത്തശ്ശങ്കയുമില്ല പ്രസ്താവന എന്നൊരു കവിതയുടെ പ്രമേയം തന്നെ കലയുടെ പ്രയോജനമാണ്.

ബീഡിതെരയ്ക്കും ചെക്കനു
കൂലി, ഉഴുന്നോർക്കു ഭൂമിയും കിട്ടാൻ
വേറെ മാർഗ്ഗം തേടു
കാവ്യകലയ്ക്കന്യമല്ലി കർത്തവ്യം?

എന്നൊരു പൂർവ്വപക്ഷമുന്നയിച്ചുകൊണ്ടാണ് കവിതയുടെ ആരംഭം. കൂലി കുറച്ചതിനെതിരായും കൃഷിഭൂമി കർഷകനു ലഭിക്കാനും അലറിക്കൊണ്ട് കടന്നുപോകുന്ന ‘അശ്ലീലക്കാരേയും അസഭ്യരേയും ആഭാസന്മാരേയും’ ചൂണ്ടിക്കൊണ്ട് ഇടശ്ശേരി പറയും:

അവരെൻ കേദാരത്തിലെ
വളർമധുരത്തണ്ടൊടിച്ചു ചാറീമ്പി
വരളും തൊണ്ട നനപ്പൂ
വർധിത മദമൊത്തു വീണ്ടു മാർത്തിടാൻ

എന്റെ കരിമ്പിൻ തോപ്പിതു
മുച്ചൂടും മൂടിയരാസ്വദിക്കട്ടേ
തണ്ടു പഴുത്തതിലൊന്നോ
രണ്ടോ നാളേക്കു നിന്നും കുലകളിടാം

ആ മുടിയൻമാരുടെ കൂടെയാണ് കവിയെന്നതോ ഇരിക്കട്ടെ, കൃഷിചെയ്വോരിടയർ, കൂലിവേലക്കാർ എന്നിങ്ങനെ തൊഴിലിന്റെ കാര്യത്തിലുള്ളപോലെ കലയുടെ/കവിതയുടെ നിർമ്മാണത്തിലും വിമർശനത്തിലും വിശേഷവൈദഗ്ദ്ധ്യം സിദ്ധിച്ച സഹൃദയർ എന്നൊരു വർഗ്ഗത്തെ ആൾക്കൂട്ടത്തിലിന്നോളം താൻ കണ്ടിട്ടില്ലെന്നു കവി സത്യബോധപ്പെടുത്തുമ്പോൾ ആധുനികതയുടെ ആദർശത്തിന്റെ ഭാഗത്തല്ല കവിയുടെ നിൽപ്പ് എന്നു മനസ്സിലാക്കാം. എന്നു വെച്ച് നേർക്കുനേരെയുള്ള ഒരു പ്രയോജനവാദവും ഇടശ്ശേരിയുടെ കാവ്യപദ്ധതിയിലില്ല. കൂലിക്കുറവിനേയും കർഷകചൂഷണത്തേയുമൊക്കെ എതിർക്കുന്നവരും കരിമ്പിൻതോപ്പും തമ്മിലുള്ള ബന്ധത്തിൽ നിന്നും നിർധരിക്കാവുന്നത് നേർക്കുനേരായുള്ള പ്രയോജനവാദമല്ല. കാവ്യരസത്തെ ഐന്ദ്രിയാനുഭവയോഗ്യമായ ഒരനുഭൂതിയാക്കുന്നുണ്ട് വളർമധുരത്തണ്ടിന്റെ രൂപകല്പന. ഇതും കേവലമൊരു യാഥാസ്ഥിതികാശയമല്ല.

ജീവികാസംബന്ധിയായ ആധുനികതയുടെ അടിത്തറ മുതലാളിത്തത്തിന്റെ നിദാനവും സൃഷ്ടിയുമായ വ്യവസായവത്കരണവും അതിനോടനുബന്ധിച്ചുള്ള ജീവിതമേഖലകളും (life-world) തന്നെയാണ്. ഇടശ്ശേരിക്കവിതയിൽ ആവർത്തിച്ചുവരുന്ന ആശയസ്ഥാനങ്ങളിലൊന്നാണത്. വ്യവസായത്തെക്കുറിച്ചുള്ള കവിയുടെ നിലപാട് അൽപം നർമ്മം കലർന്ന രീതിയിൽ 'പഴകിയ ചാലുകൾ മാറ്റുക' എന്ന രചനയിലുണ്ട്.

ബന്ധുര ബന്ധുഗൃഹത്തെപ്പറ്റി
ച്ചിന്തിക്കുന്നതു നിർത്തൂ
ബന്ധുഗൃഹം കുജശുക്രശനൈശ്ചര
ദേവഗുരുക്കളിലേതോ!
ഹന്തനമുക്കിതിലേതിലൊരെണ്ണ
ക്കമ്പനി മുമ്പു തുടങ്ങാ
മെന്റെ മനസ്സിനു രാപ്പകലില്ലാ
സ്സ്വൈരക്കേടിതുമാത്രം

ഇതിന്റെ കൂടുതൽ തീക്ഷ്ണമായ മറ്റൊരു ഭാവം കാശാവുപൂത്തു എന്ന രചനയിൽ കാണാം

കുന്നിൻമോളിൽക്കടലല്ലതല്ലും
കൂറ്റൻ കൂറ്റനണക്കെട്ടു കെട്ടീ
പാഞ്ഞുപോകും പ്രവാഹങ്ങൾക്കെല്ലാം
പാലം തീർത്തു പഥികാനുകൂലം,
കാടുവെട്ടി ഞാൻ കേദാരം നീട്ടി,
നാടും മാറ്റി നഗരവും കെട്ടീ,
ഭൂതകാലത്തേക്കൊന്നു ഞാൻ സർവ
ഭൂതങ്ങൾക്കും സമൃദ്ധി വിളമ്പി,
എന്നിട്ടും കരൾ നൊന്തുവിളിപ്പ
തേതമൃതലഹരിക്കുവേണ്ടി?

1956-ൽ എഴുതിയ ഈ കവിതയിൽ അക്കാലത്തെ രാഷ്ട്രപുനർനിർമ്മാണയത്നങ്ങളുടെ നിഴൽ വീശിക്കാണാം. അണക്കെട്ടുകളുടെയും, പാലങ്ങളുടെയും നിർമ്മാണം മാത്രമല്ല, കാടിന്റെ നാശം, നാട്ടിൻപുറത്തിന്റെ കെടുതി, നഗരങ്ങളുടെ ചെഴിപ്പ് എന്നിങ്ങനെ നവീന ജീവിതത്തിന്റെ വ്യവഹാരങ്ങളെല്ലാം അവിടെയുണ്ട്. ഈ രചനയിൽ സൂചനാരൂപത്തിൽ നിർത്തിയ ആശയങ്ങൾ ഇതേ കാലത്തു വേറെ രചനകളിൽ മുഴുപ്പാർന്നു വരുന്നുമുണ്ട്. ഉദാഹരണത്തിന്, 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' എടുക്കുക. വ്യവസായവൃദ്ധിയുടെ സഹചാരിയായ യന്ത്രവത്കരണത്തിന്റെ പൽച്ചക്രങ്ങളിൽ കോർത്തിടപ്പെടുന്ന മനുഷ്യജീവിതങ്ങളുടെ പിടച്ചിലാണ് കവിതയിലെ വൈകാരികാംശത്തിന്റെ ഘടകങ്ങളിലൊന്ന്. പിടയുന്ന മനുഷ്യത്വത്തിന്റെ പ്രതിനിധിയായ നെല്ലുകുത്തുകാരി പാറുവിന്റെ ഭാഗത്തുനിന്നു നോക്കുന്നവർക്ക് ആ റൈസ്മില്ലിന്റെ മുഖത്ത് ഒരാട്ടാട്ടാനേ കഴിയൂ. അത് യന്ത്രവത്കരണത്തിന്റേയും വ്യവസായയുഗത്തി

ന്റേയും അവയുടെയൊക്കെ രക്ഷകനായ മുതലാളിത്ത വ്യവസ്ഥയുടേയും നേർക്കുള്ള പ്രതിഷേധത്തിന്റെ ഒരു ചിഹ്നമാകുന്നു. 'കുറ്റിപ്പുറം പാലം' പരിഷ്കാരത്തിന്റെ മറ്റൊരുമുഖം കാട്ടിത്തരുന്നു. കുറ്റിപ്പുറം പാലത്തിനു കവി നൽകുന്ന വിശേഷണം തന്നെ 'മർത്ത്യവിജയം' എന്നാണെന്നു ശ്രദ്ധിക്കണം. മർത്ത്യവിജയത്തിൻമേൽ കാലൂന്നി നിവർന്നുനിൽക്കുന്ന അതിന്റെ അഭിമാനത്തേക്കാളും ഉയരെ മനസ്സിലുണരുന്നതൊരു വേദനയാണ്. ആധുനികത കടന്നുവരുന്ന ആ ഉമ്മറപ്പടിമേൽ നിന്നുകൊണ്ടു കവികാണുന്ന കാഴ്ച ആധുനികപരിഷ്കൃതിയുടെ നേട്ടങ്ങളുടേതല്ല, പിന്നേയോ

പിറവിതൊട്ടെൻ കൂട്ടുകാരിയാമ
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം
അവസാനയാത്ര പറയുകയാം

എന്നൊരു നഷ്ടബോധത്തിന്റേതാണ്. ആധുനികതയുടെ പക്ഷം പിടിച്ചുകൊണ്ട് ഈ നഷ്ടബോധത്തെ വേണമെങ്കിൽ നിയോകൺസർവേറ്റീവിസമെന്നോ യാഥാസ്ഥിതികമെന്നോ പുനരുജ്ജീവനവാദമെന്നോ കുറ്റപ്പേരുവിളിക്കാം. പക്ഷേ, ഗ്രാമങ്ങളോടൊപ്പം എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകുന്നത് ഒരു ജീവിതലോകവും ഒരു മൂല്യ സങ്കൽപ്പവും സർവ്വോപരി ഒരു സംസ്കൃതിയുമാണ്. പകരം കൈവരുന്നതോ, അതിനെക്കുറിച്ചുമുണ്ട് ഒരു സൂചന

കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബപേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?

ഈ ദുരന്തചിന്തക്കുമുമ്പേ വരച്ചുവെക്കുന്ന ചിത്രവും ശ്രദ്ധേയമാണ്.

പകലത്തെക്കർഷക സംഗീതങ്ങൾ
ഇരവിലെ ഭീകരമൂകതകൾ
അകലുകയാണവ മെല്ലെ മെല്ലെ
അണയുകയല്ലോ ചിലതുവേറെ!

അലരിന്മേൽ വാഴ്ച തുടങ്ങുന്നത് ശിലയും കരിയും സിമന്റും ഉരുക്കുമായിരിക്കും. രാപ്പകൽ കുതിച്ചുപായുന്നതു ടയറും പെട്രോളുമാവും. എവിടേയും എപ്പോഴും ശബ്ദപൂരം.

ശാന്തഗംഭീരമായ് പൊന്തിനിൽക്കു
മന്തിമഹാകാളൻ കുന്നുപോലും
ജൃംഭിതയന്ത്രക്കിടാവെറിയും
പമ്പരം പോലെ കറങ്ങിനിൽക്കും!

എന്നേടത്തെത്തുമ്പോഴേക്ക് യന്ത്രയുഗത്തിന്റെ ഭീഷണി പ്രകൃതിയുടെ മേൽ ഏൽപ്പിക്കുന്ന പരിക്കിനെക്കുറിച്ചുംകൂടി സൂചനയായി. യന്ത്രത്തിന്റെ ദുരന്തം ഇവിടെ സൂചനാരൂപത്തിൽ ഒതുങ്ങിനില്പാണെങ്കിൽ നെല്ലുകുത്തുകാരി പാറുവിന്റെ കഥയിൽ അത് പ്രമേയത്തിന്റെ കേന്ദ്രബിന്ദുവായി ഗൗരവപ്പെടുകയാണ്.

വേലക്കാർ പിരിയേണ്ടും കുഴലൂതലും നോക്കി
ലാലസിക്കുകയല്ലി തന്റെ കൊച്ചെജമാനൻ

അതേ, അവസാനത്തെ വേലക്കാരനേയും പിരിച്ചയക്കാൻ ആ കുഴലൂത്തിനു കഴിവുണ്ടാവുന്ന കാലം വരും. യന്ത്രയുഗത്തെ സമർത്ഥമായി സൂചിപ്പിക്കുന്ന ആ സൈറന്റെ ചിത്രത്തിന്നപ്പുറം

പറിച്ചിട്ടല്ലോ തന്നെക്കടവേരോടെ, തട്ടി
പ്പറിച്ചാനെന്നെന്നേക്കും തന്നരിക്കിഴിദേവൻ

എന്ന് ഒര സസ്യബിംബം തൊടുത്ത് കാർഷികസംസ്കാരത്തെ വ്യവസായവത്കരണവും യന്ത്രസംസ്കാരവും കൂടി പറിച്ചെറിയുന്നത് അനുഭവവേദ്യമാക്കിത്തരികയാണ്. അങ്ങിനെയൊരു കാഴ്ച്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ഇതും ഈ ജനുസ്സിൽപ്പെട്ട മറ്റുകവിതകളും ആധുനിക പരിഷ്കൃതിയെ തികഞ്ഞ സന്ദേഹത്തോടെയാണ് നോക്കിക്കാണുന്നതെന്നു മനസ്സിലാവും. ഇക്കവിതകൾ എഴുതപ്പെട്ട അൻപതുകളിലെ പുനർനിർമ്മാണയത്നങ്ങളെക്കുറിച്ചറിയാതെ ഈ രചനകളുടെ അർത്ഥം തികച്ചും തെളിവേൽക്കുകയില്ല. ജീവിതസന്ദർഭത്തിന്റെ പശ്ചാത്തലത്തിൽവെച്ചു പരിശോധിച്ചാലോ അക്കാലത്തെ രാഷ്ട്രീയവും ഭര

ണപരവും സാമ്പത്തികവുമെന്നുവേണ്ട സമസ്ത ജീവിതവ്യാപാരങ്ങളോടും പ്രതികരിക്കുന്നവയാണീ വാങ്മയങ്ങൾ എന്നു വെളിവാകുന്നു.

ഉരുക്കും റബ്ബറും സിമന്റുമില്ലാത്ത,
കരിമ്പുകവീർപ്പിൻ കുഴൽ നിറയ്ക്കാത്ത,
ധരാവിഭാഗത്തേക്കൊരിക്കൽക്കൂടിയും
നയിച്ചാലുമെന്നെപ്പഴയ മുത്തശ്ശീ ...
.. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. ..
.. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. .. ..
കനത്ത കോൺക്രീറ്റു വിരിയാൽ ശാശ്വത
മലടിയായ്പോയ മഹിയുടെ, മേലി
ലൊരിക്കലുമിനിച്ചുരക്കാതെയായ
മണിമാറിൽ നിന്നുമടർത്തി നീ നിന്റെ
കുളിരേലും സുഖസുഷുപ്തിതൻ മലർ
വിരിയിലെന്നെയും കിടത്തു മുത്തശ്ശീ ...
(ഒന്നുറങ്ങാൻ)

എന്നു 1972ൽ എഴുതുമ്പോഴേക്ക് ആധുനീകരണത്തെക്കുറിച്ചുള്ള പ്രതീക്ഷയുടെ അവസാനത്തെ കതിരും അസ്തമിച്ചു കഴിഞ്ഞിരുന്നു.

വ്യവസായവത്കരണത്തിന്റെയും, യന്ത്രവത്കരണത്തന്റെയും ഉത്പാദനവ്യവസ്ഥക്കു അടിത്തറയായി വർത്തിച്ച ആധുനികശാസ്ത്രത്തിന്റെ നേരേയും ഇടശ്ശേരി സന്ദേഹമുനകൾ ചാട്ടുന്നുണ്ട്. 'കാടത്തം' എന്നുപേരിട്ട ഒരു രചനയിൽ, ഇരുപതാം നൂറ്റാണ്ടലക്കിത്തേച്ചണിഞ്ഞരുളുന്ന ശാസ്ത്രം വിരിച്ച ദീപ്തിയെ പരിഹാസപൂർവ്വം ഒന്നു കടാക്ഷിക്കും. ജ്ഞാനോദയകാലത്തെ സംസ്കാരത്തിൽ കല, മതം എന്നിവപോലെ ശാസ്ത്രവും അതിന്റെ ആന്തരയുക്തിയുടെ സ്വതന്ത്രമേഖലയിലേക്ക് വാങ്ങി നിൽക്കുകയുണ്ടായി. വിശേഷവൈദഗ്ദ്ധ്യത്തിന്റെ കുത്തകയായിത്തീർന്ന ശാസ്ത്രം അങ്ങിനെ നിത്യ ജീവിതത്തിന്റെ മേഖലയിൽ നിന്നകന്നുപോവുകയും ചെയ്തു എന്ന് ഹേബർമാസ് ചൂണ്ടിക്കാട്ടുന്നുണ്ട്. ഹേബർമാസിനേയോ മറ്റോ കേൾക്കുകപോലും ചെയ്തിരിക്കാനിടയില്ലാത്ത ഇടശ്ശേരി ' ഈറ്റില്ലം' എന്ന ഒരു രചനയിൽ ഹേബർമാസ് പറഞ്ഞ കാര്യം സമർത്ഥമായി സൂചിപ്പിക്കും

ചാന്ദ്രപേടകമെങ്ങിനെ തെന്നി
പ്പൊങ്ങിയതെന്നു നമുക്കറിയാം
ചാലത്തയലത്തെപ്പടുകൂരകൾ
മുളച്ചതെങ്ങിനെയറിയാമോ?

നിത്യജീവിതത്തിന്റെ ഈ പ്രത്യക്ഷദുരന്തം കാണാൻ കണ്ണില്ലാത്ത ശാസ്ത്രത്തിന്റെ നേരെ കവിയ്ക്ക് പുച്ഛം കലർന്ന സഹതാപമേയുള്ളു. ശാസ്ത്രത്തിന്റെ യുക്തിക്കെതിരെ വിശ്വാസത്തിന്റെ ബലത്തിൻമേൽ ശരണം പൂകുന്ന സന്ദർഭങ്ങളും ദുർല്ലഭമായി ഇടശ്ശേരിക്കവിതയിൽ കണ്ടെത്താം. നക്ഷത്രങ്ങളെ സംബോധനചെയ്തുകൊണ്ട് അവ തന്റെ പൂർവ്വപിതാക്കളാണെന്ന വിശ്വാസം വിളംബരം ചെയ്യുന്ന ഭാഗം ഉദാഹരിക്കാം.

അമ്മിഞ്ഞക്കണ്ണും തിരുപ്പിടിച്ചമ്മടിത്തട്ടി
ലങ്ങിനെ കിടന്നു ഞാൻ പഠിച്ചുള്ളൊരു പാഠം
ഉറച്ചുകഴിഞ്ഞതാ, ണെങ്ങിനെ മതിയാമ-
തുടച്ചു മറ്റൊന്നാക്കാൻ പുതിയശാസ്ത്രജ്ഞാനം?
(സത്യവും സൗന്ദര്യവും)

ഇവിടേയും പഴമയുടെ, പാരമ്പര്യത്തിന്റെ പ്രതിനിധിയായി ഒരു മുത്തശ്ശിയാണ്. 1945ലെഴുതിയ ഈ കവിതയിൽത്തന്നെ ആധുനികശാസ്ത്രസംസ്കാരത്തിനെതിരായ ഒരുതരം സന്ദേഹാത്മകത ഇടശ്ശേരിക്കവിതയിൽ ഇഴചേർന്നു കഴിഞ്ഞിരുന്നു.

ആധുനികതയുടെ പ്രചാരണത്തിനുള്ള ഉപാധികൾ പലതാണ്. മാധ്യമങ്ങളും അതുപോലുള്ളവയും സ്വീകരിക്കുന്ന അനൗപചാരിക തന്ത്രങ്ങൾക്കു പുറമേ അധികാരികളുടെ കൈവശം വിദ്യാഭ്യാസമെന്ന ഔപചാരികവും ക്രമീകൃതവും വ്യവസ്ഥാപിതവുമായ പ്രക്രിയയുണ്ട്. വിവിധതലങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന വിദ്യാഭ്യാസം മനുഷ്യനെ എങ്ങനെ അവന്റെ സഹജപരിസരത്തിൽനിന്നും അകറ്റി സ്വതസിദ്ധമായ കഴിവുകളെ വന്ധ്യംകരിക്കുന്നു എന്നു കാണിച്ചുത

രുന്ന കവിതയാണ് 'പള്ളിക്കൂടത്തിലേക്കു വീണ്ടും'. സ്കൂളിലേക്കുപോകാൻ ഒരുങ്ങി നിൽക്കുന്ന പിഞ്ചുകുഞ്ഞിനോടു പറയും

നിന്നെയും കാത്തു പതിവുപോലെ
വന്നിരിക്കുന്നുണ്ടിളം കിളികൾ
പ്രേഷ്ഠരവരോടു യാത്രചൊല്ലൂ
പേച്ചറിയുന്നവർ നിങ്ങൾ തമ്മിൽ
നീ പോയ്പഠിച്ചു വരുമ്പൊഴേക്കും
നിങ്ങളന്യോന്യം മറന്നിരിക്കും
പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മന്ദം
നാവിൽ നിന്നപ്പോഴേ പോയ്ക്കഴിഞ്ഞു
നാനാജഗന്മനോരമ്യഭാഷ!

ഈ നഷ്ടബോധം മറ്റൊരു തിരിച്ചറിവിലേക്കു കൂടി വളരും. പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും പ്രപഞ്ചത്തിൽ മനുഷ്യന്നർഹമായ സ്ഥാനത്തെക്കുറിച്ചും കൂടിയുള്ള ഒരു തിരിച്ചറിവാണത്.

അമ്പതുകൊല്ലം മുമ്പാരുതമ്മിൽ
കമ്പം പിടിക്കും കളിമ്പമാർന്നു
പുസ്തകജ്ഞാനമവരെ മർത്ത്യ
പുത്രനും തിര്യക്കുമാക്കി മാറ്റി
ഇബ്ഭേദബുദ്ധിയിലാഭിജാത്യ
ശപ്താഭിമാനവുമേകനാർന്നു

ജ്ഞാനോദയത്തിന്റെ ആധുനികതാദർശത്തിന് മനുഷ്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു. മനുഷ്യപ്രാധാന്യവും മനുഷ്യപ്രാമാണ്യവും പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനത്തെക്കുറിച്ച് സവിശേഷമായ ആശയം കരുപ്പിടിപ്പിക്കാൻ കാരണമായിട്ടുണ്ട്. പ്രപഞ്ചവസ്തുക്കളിൽ നിന്ന് മാറി നിന്ന് വസ്തുക്കളേയും പ്രതിഭാസങ്ങളേയും പദാർത്ഥവൽക്കരിച്ച് (objectify ചെയ്ത്) വിവരിച്ചും വിശകലനം ചെയ്തും, വിലമതിച്ചും, അവയുടെ മേൽ ആധിപത്യം സ്ഥാപിക്കുന്ന ജ്ഞാനപരിപാടി ആ മനുഷ്യാദർശത്തിന്റെ സൃഷ്ടിയാണ്. അത് മനുഷ്യനെ പ്രപഞ്ചത്തിൽ നിന്നു പിരിച്ചുമാറ്റും; ഉയരെ പ്രതിഷ്ഠിക്കും. ഇതിനെതിരെ, പ്രപഞ്ചത്തിലെ ജീവസഞ്ചയത്തിൽ പലതിലൊന്നുമാത്രം എന്ന സന്നിഹിതാവസ്ഥയെക്കുറിച്ച് (situatedness) ഉണരുന്ന ബോധമാണ് മനഃസംസ്കാരം എന്നു ഇടശ്ശേരിക്കു പക്ഷമുണ്ട്.

അമ്പിൽക്കനക്കുന്ന തെങ്ങിൻ കുരൽ പെറു
മമ്പിളിക്കീറിനെത്തേടി നടക്കുവാൻ,
വാർമുടിചിക്കാൻ കുനിഞ്ഞു നിൽക്കും കുല
വാഴകളെക്കണ്ടു കോൾമയിർക്കൊള്ളുവാൻ
ഓരോമരത്തിന്റെ, ഓരോ ചെടിയുടെ
ആരോഗ്യസൗഖ്യങ്ങളാരാഞ്ഞു പോരുവാൻ
ധന്യനാമിപ്പടുവൃദ്ധൻ ...

എങ്കിലോ

എങ്കിലുമീയാളപരിഷ്കൃതൻ, ഇഴ
ജന്തുക്കളിൽ നിന്നനതിദൂരസ്ഥിതൻ
നമ്മളോ, വീർത്ത മസ്തിഷ്കവും ചെല്ലിച്ചു
ചെമ്മെഴും കാലിൽ ചെരിപ്പുമായ് വന്നവർ

'നാളെയ്ക്കൊരു ബിംബം' എന്ന ഈ രചനയിൽ വികാരനിഷ്ഠമായ മേധാവിലാസത്തിന്റെ ഉത്ക്കർഷത്തിലേക്കാണ് കവി വിരൽ ചൂണ്ടുന്നത്.

മണ്ണിൻ വികാരമാം പൂന്തോപ്പിലേ പെറു
മാൺപുറ്റ മേധാവിലാസഫലോത്ക്കരം

വികാരം/ചിന്ത എന്നൊരു വിരുദ്ധദ്വന്ദ്വം സങ്കൽപ്പിച്ച് യുക്തിയുടെ പക്ഷത്തുള്ള ചിന്തയെ മുഖ്യസ്ഥാനത്തു നിർത്തി വികാരത്തെ ഗൗണമാക്കുന്ന രീതി ആധുനികതയുടെ ജ്ഞാനോദയചിഹ്നമത്രേ. ഇടശ്ശേരിയുടെ മനുഷ്യദർശനം വ്യത്യസ്തമാണ്.

മർത്ത്യൻ സുന്ദരനാണ്, സന്തതമുയിർ
ക്കൊള്ളും വികാരങ്ങൾ തൻ

നൃത്യത്തിന്നു മുതിർക്കുവാൻ സ്വയമണി
ഞ്ഞിട്ടോരരങ്ങാണവൻ
അത്യന്തം കമനീയമേ മഹിതമാ
യാലും മറിച്ചാകിലും
തത്ഭാവങ്ങ, ളപൂർണ്ണമാണളവുകോ
ലെന്നുള്ള കാലം വരെ

ആ മനുഷ്യസങ്കൽപ്പം, Enlightenment humanism പുരക്ഷേപിക്കുന്ന സങ്കൽപ്പത്തിൽ നിന്നു വ്യത്യസ്തമാണ്. മനുഷ്യപ്രാമാണ്യവാദത്തെ നിശിതമായി വിമർശിക്കുന്ന ഇടശ്ശേരി ഇക്കാര്യം തുറന്നെഴുതിയിട്ടും ഉണ്ട് 'തായംകളിക്കാർ' എന്ന രചനയിൽ:

തേനറനിറയും മുമ്പേതന്നെ തേനീച്ചകളെ
ചുട്ടുകരിക്കും മാനുഷർ തൊപ്പക്കരടികളോടു
പഠിക്കാനുണ്ടേ പലതും പലതും

ആധുനികതയുടെ രാഷ്ട്രീയസംസ്കാരം സംഭാവന ചെയ്തതാണ് ദേശീയതയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ. ഭാഷ, മതം മുതലായവയെ മുൻനിർത്തി മുൻകാലങ്ങളിൽ (മധ്യയുഗങ്ങളിലും മറ്റും) ഉദയംകൊണ്ട സാംസ്കാരികമായ ഏകകത്തെ സ്ഥാനാദേശം ചെയ്തുകൊണ്ടു പത്തൊമ്പതാം നൂറ്റാണ്ടോടെ നിലവിൽവന്ന ദേശീയത എന്ന സങ്കൽപ്പം പലപ്പോഴും ഒരു ജനതയെ ഒന്നിപ്പിക്കുന്ന ഘടകമായി, ചരടായി വർത്തിക്കുകയും അത്തരം ദേശീയതകളെ പഴയ ചരിത്രഘട്ടങ്ങളിലേക്കും വ്യാപിപ്പിച്ച് ദേശീയരാഷ്ട്രങ്ങൾക്ക് (nation states) നൂറ്റാണ്ടുകളുടെ ചരിത്ര പാരമ്പര്യം കൽപ്പിച്ചുകൊടുക്കുകയും മറ്റും പതിവായിട്ടുണ്ട്. ദേശീയതയെക്കുറിച്ച് ഇടശ്ശേരിയുടെ വിമതാവബോധം ' കുടിയിറക്കൽ' എന്നൊരു കവിതയിൽ ഞെട്ടിയുണരുന്നതു കാണുക

പ്രസവിച്ചതിന്ത്യയായ്, പ്രസവിച്ചതിംഗ്ലണ്ടായ്
പ്രസവിച്ചതാഫ്രിക്കൻ വൻകരയായ്
അതിലെന്തുണ്ടാർക്കാനുമുടമയില്ലാത്ത ഭൂ
പടമേലും പാഴ്വരയ്ക്കർത്ഥമുണ്ടോ?
എവിടെവിടങ്ങളിൽച്ചട്ടി പുറത്തെടു
ത്തെറിയപ്പെടുന്നുണ്ടീപ്പാരിടത്തിൽ
അവിടവിടങ്ങളെച്ചേർത്തു വരയ്ക്കുകൊ
ന്നിവരുടെ രാഷ്ട്രത്തിന്നതിർവരകൾ
കുടിയിറക്കപ്പെടും കൂട്ടരേ പറയുവിൻ
പറയുവിൻ ഏതു രാഷ്ട്രക്കാർ നിങ്ങൾ?

ഇങ്ങനെ നോക്കിയാൽ എവിടെവിടെ ആധുനികതയുടെ ആശയജാലങ്ങൾ സ്വച്ഛജീവിതത്തിൻമേൽ ചുറ്റിപ്പിണഞ്ഞു വളർന്നിട്ടുണ്ടോ അവിടങ്ങളിലെല്ലാം ഇടശ്ശേരിയുടെ മാർജ്ജനി കടന്നെത്തും. അടിസ്ഥാനാദർശം ഇതാണ്.

വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം
(പൊട്ടി പുറത്ത് ശീവോതി അകത്ത്)

ചിന്താശൂന്യവും ഏകമുഖവുമായ ഒരാശയമല്ല ഇടശ്ശേരിക്ക് ആധുനികതയുടെ കാര്യത്തിലുള്ളത്. ബഹുസ്വരത എന്നോ മറ്റോ വിശേഷിപ്പിക്കാവുന്ന വിധം ആധുനികതയുടെ ആദർശങ്ങളിലേക്കുള്ള ചായ്‌വ് ഇടശ്ശേരിയുടെ ഒരു മുഖമാകുന്നു. വിളികൊണ്ട രചനകളിലൊന്നായ 'കാവിലെപാട്ടു' തന്നെ ഉദാഹരിക്കാം. ഒരു പുരാവൃത്തമാണ് പ്രമേയസ്ഥാനത്ത്, ഒരു പാരമ്പര്യ ഘടകമായ വെളിച്ചപ്പാടാണ് നിർവ്വഹണ സന്ധിയിലെ കേന്ദ്രം. വെളിച്ചപ്പാട് സ്വയം തലയിൽവെട്ടി ചോര ചൊരിയുന്നത് യുക്തിയുടെ വ്യാപാരമേഖലക്ക് പുറത്തുള്ള ഒരു കർമ്മമത്രേ. യുക്തിയെ എല്ലാറ്റിലുമുപരി പ്രതിഷ്ഠിക്കുന്ന ആധുനികതക്ക് അതിന്റെ പക്ഷത്തുചേർന്ന് നിൽക്കാനാവില്ല. ആ കർമ്മത്തിന് യുക്തിസഹമായ ഒരു വ്യാഖ്യാനവും കാര്യകാരണബന്ധവുമൊക്കെ സങ്കൽപ്പിക്കുന്ന രചനയാണ് കാവിലെ പാട്ട്

സ്നേഹശീലർ ഞങ്ങളിലെയാസുരത മേലിൽ
തൂകുവതു ലോകമാതേ നിന്നുതിരമെങ്കിൽ

അക്കനത്ത ശിക്ഷ വാങ്ങിപ്പോരുവോരീ ഞങ്ങൾ..........

ദേവിയുടെതന്നെ ഒരു പരിവർത്തനമാണ് ഈ തിരിച്ചറിവിന് ഹേതു.

അന്നുമുതൽക്കെങ്ങളുടെ ദുർന്നയത്തിൻ നേരേ
പൊങ്ങിയാലും നിൻകൊടുവാൾ നിന്നിലേ പതിപ്പൂ
നീലമേഘശ്യാമളതേ ഞങ്ങളറിയുന്നൂ
നീ തിരിച്ചു നിന്നിലേക്കേ നിന്നുദഗ്രക്രൗര്യം!
(കാവിലെ പാട്ട്)

ആധുനികതയുടെ ആത്യന്തികമായ യുക്തിപരതയോടുള്ള ഈ മനോഭാവവും കൂടി ചേരുമ്പോഴേ ഇടശ്ശേരിയുടെ ഇക്കാര്യത്തിലുള്ള നിലപാടെന്തെന്നു തികച്ചും ബോധ്യപ്പെടു. അത് ഇടശ്ശേരിക്കവിതയിലെ അടിസ്ഥാനഗതമായ വിരുദ്ധദ്വന്ദ്വങ്ങളിലൊന്നായിനിന്ന് പരസ്പരം പോഷിപ്പിക്കുകയാണ്. ഇതിനു കവിയുടെ പല രചനകളിലേക്കും വേരോട്ടമുണ്ട് എന്നുകൂടി ധരിക്കണം. അങ്ങനെ ആധുനികതാസംബന്ധിയായ ഈ ആശയം ഇടശ്ശേരിക്കവിതയുടെ ഘടനയിൽത്തന്നെ സന്നിഹിതമായ ഒരു ചൈതന്യബിന്ദുവായി നിലകൊള്ളുന്നു.

വിരുദ്ധദ്വന്ദങ്ങളെ തിരിച്ചറിഞ്ഞതുകൊണ്ടു മാത്രമായില്ല, അതു അർത്ഥചിന്തയുടെ ഒരാദ്യപടിയേ ആവുന്നുള്ളു. ആ ദ്വന്ദ്വങ്ങൾ സമർപ്പിക്കുന്ന അർത്ഥതലങ്ങൾ ഏതേതാശയമേഖലകളിൽനിന്നാണ് ഉറവപൊട്ടുന്നതെന്നുകൂടി അന്വേഷിച്ചറിയേണ്ടതുണ്ട്. യുക്തി/വികാരം, സ്നേഹം/ക്രൗര്യം, ആധുനീകത/പാരമ്പര്യം, പഴമ/പുതുമ, യാഥാസ്ഥിതികത/ഉച്ഛൃംഖലത എന്നിങ്ങനെയുള്ള ഓരോന്നും എടുത്തു ഇടശ്ശേരി കവിതകളിൽ ഉരച്ചുനോക്കികൊള്ളുക - അവയുടെ മാറ്റു തെളിയുന്നത് ജീവിതപ്രേമത്തിന്റെ സുവർണ്ണ രേഖയായിട്ടാവും. ജീവിതം എന്നാൽ മനുഷ്യന്റെ സ്വാർത്ഥപൂരിതമായ ജീവിതം മാത്രമല്ല എന്നു കൂടി തൊട്ടുപിന്നാലെ കൂട്ടിചേർത്തേകഴിയൂ. സഹജീവികളോടുള്ള ആർദ്രതയും അനുഭാവവും കൊണ്ടു സ്നിഗ്ദ്ധവും ഗരിഷ്ഠവും ആണ് ഇടശ്ശേരിയുടെ ജീവിതപ്രേമം. അതു ആധുനികത വെച്ചു നീട്ടുന്ന മനുഷ്യകേന്ദ്രിത വാദത്തിൽനിന്നു വ്യത്യസ്തമാണ്. ആ വ്യത്യസ്തതയാണ് ഇടശ്ശേരിയുടെ സാമൂഹികവീക്ഷണത്തെ പ്രഭാമയമാക്കുന്നത്. തത്വശാസ്ത്രപ്പഴമയുടെ പടിവാതിൽ ചാരി വാഴ്വിന്റെ പുതുവഴികളിലേക്കിറങ്ങുന്നതും ജീവിതപ്രേമം; മനുഷ്യപ്രയത്നം കുറയ്ക്കാൻ വന്ന യന്ത്രം മനുഷ്യനെത്തന്നെ വിഴുങ്ങുമ്പോൾ മാറ്റത്തിനെതിരെ വീശുന്നതും ജീവിതപ്രേമം; പ്രകൃതിയെ ദ്രോഹിക്കുന്നേടത്ത് പിടയുന്നതും ജീവിതപ്രേമം; പ്രകൃതിയിൽനിന്ന് കുടം നിറയെ മുക്കി കൂടെവരാൻ കുറുകി വിളിക്കുന്നതും ജീവിതപ്രേമം; ആ ജീവിതപ്രേമം തന്നെയാണ് ജീവിതത്തെ വിഴുങ്ങാനെത്തുന്ന തിന്മയുടെ മേൽ ഉരുട്ടിയിടാനുള്ള ക്രൂരതയുടെ പിണ്ഡമായി കല്പിക്കുന്നത്. വിസ്തരിക്കേണ്ടതില്ല; ഇടശ്ശേരി തന്നെ ഈ ആശയം ഒരു മുക്തകത്തിൽ സമർത്ഥമായി സംഗ്രഹിച്ചിട്ടുണ്ട്.

ചോരക്കൈവാളിനുണാമരിയൊരജകിശോ
രത്തെ മീളാൻ കുനിച്ചു
ള്ളോരാക്കണ്ഠത്തിൽനിന്നൂറിന മൃദുകരുണാ
വായ്പിലാഴുമ്പൊഴെല്ലാം
ഹാ രക്ഷയ്ക്കാത്മകർമ്മം ശരണ, മിതരമി
ല്ലില്ല മാപ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ
പിന്നെയും പിന്നെയും നീ ...

●